# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2779 17.06.2019-ലെ മറുപടി**

## ഗുളികപ്പുഴ കുടിവെള്ള പദ്ധതി

| ചോദ്യം. | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) നിലവിൽ ഗുളികപ്പുഴ പദ്ധതിയിൽ നിന്നും എത്ര ഹൗസ് കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) ഗുളികപ്പുഴ/കുറ്റിയാടിപ്പുഴ സ്രോതസ്സായി 3 പദ്ധതികളാണ് ജല അതോറിറ്റിക്കുള്ളത്.<br>1)തിരുവള്ളൂർ - ആയഞ്ചേരി കുടിവെള്ള പദ്ധതിയിൽ നിന്നും 95 വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br>2)വടകര ഓഗ്മെന്റേഷൻ (വടകര-വേളം) പദ്ധതിയിൽ 12061 വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br>3)കന്നുമ്മലിനും അനുബന്ധ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയിൽ 2698 വാട്ടർ കണക്ഷനുകൾ നിലവിലുണ്ട്. |
| ബി) ഗുളികപ്പുഴ പദ്ധതിയിൽ നിന്നും പുതുതായി ഹൗസ് കണക്ഷൻ നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ; | ബി) വടകര-വേളം പദ്ധതിയിൽ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും, കുന്നുമ്മൽ പദ്ധതിയിൽ നിന്നും പുതുതായി ഹൗസ് കണക്ഷനുകൾ നൽകാവുന്നതാണ്. |
| സി) കഴിയുമെങ്കിൽ അപേക്ഷ സ്വീകരിക്കുന്നതിന്റെ നടപടി ക്രമങ്ങൾ വിശദമാക്കാമോ; | സി) ജല അതോറിറ്റിയിൽ നിന്നും ലഭിക്കുന്നതോ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതോ ആയ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് അപേക്ഷകന്റെ തിരിച്ചറിയൽ രേഖയും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുമായി ജല അതോറിറ്റിയിൽ നേരിട്ടോ അല്ലെങ്കിൽ ലൈസൻസ്ഡ് പ്ലംബർ മുഖേനയോ കണക്ഷനു വേണ്ടി അപേക്ഷിക്കാവുന്നതാണ്. ഗാർഹിക കണക്ഷനാണെങ്കിൽ അസിസ്റ്റന്റ് എഞ്ചിനിയർക്കും, ഗാർഹികേതര കണക്ഷനാണെങ്കിൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്കുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| ഡി) മേൽ പദ്ധതി പ്രകാരം എത്ര പഞ്ചായത്തുകളിൽ കുടിവെള്ളസൗകര്യം ലഭിച്ചുവരുന്നുവെന്ന് അറിയിക്കാമോ? | തിരുവള്ളൂർ - ആയഞ്ചേരി പദ്ധതിയിൽ നിന്നും തിരുവള്ളൂർ, ആയഞ്ചേരി എന്നീ പഞ്ചായത്തുകളിലും, വടകര ഓഗ്മെന്റേഷൻ പദ്ധതിയിൽ നിന്നും വടകര മുനിസിപ്പാലിറ്റിയിലും വേളം പഞ്ചായത്തിലും, കുന്നുമ്മൽ പദ്ധതിയിൽ നിന്നും കുറ്റ്യാടി, കായക്കൊടി, നരിപ്പറ്റ, വളയം, വാണിമേൽ, നാദാപുരം, തൂണേരി എന്നീ പഞ്ചായത്തുകളിലും കുടിവെള്ളം നൽകി വരുന്നുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ